**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5327 **01.07.2014**- ൽ മറുപടിക്ക്

**<u>പ്രാഥമിക സഹകരണ സംഘങ്ങളിൽ കോർബാങ്കിംഗ് സംവിധാനം</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ. കെ. അച്ചുതൻ :**<br>**ശ്രീ. വർക്കല കഹാർ :**<br>**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :**<br>**ശ്രീ. കെ. ശിവദാസൻ നായർ :** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിൽ കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സഹകരണ സംഘത്തിന്റെ പ്രവർത്തന മേഖലയും ഇടപാടുകാരുടെ സൗകര്യവും കണക്കിലെടുത്ത് പ്രാഥമിക സഹകരണ സംഘങ്ങളും, സർവ്വീസ് സഹകരണ ബാങ്കുകളും സ്വന്തം നിലയിൽ കോർ ബാങ്കിംഗ് നടപ്പിലാക്കി വരുന്നു. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) പ്രധാനമായും കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.ടി.എം., ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.റ്റി. മുതലായ സേവനങ്ങൾ ഉൾപ്പെടുന്ന ആധുനിക ബാങ്കിംഗ് സൗകര്യങ്ങളാണ് സഹകരണ മേഖലയിൽ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചു വരുന്നത്. 2012-13 സാമ്പത്തിക വർഷം മുതൽ സർക്കാർ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവയുടെ കമ്പ്യൂട്ടർ വൽക്കരണം, കോർബാങ്കിംഗ്, എ.ടി.എം. സംവിധാനം, സാങ്കേതിക നവീകരണം, ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായി തുക വകയിരുത്തുകയും 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിലായി 60 സഹകരണ സംഘങ്ങൾക്ക് 722.50 ലക്ഷം രൂപ ധനസഹായമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (സി) സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖലയും ഇടപാടുകാരുടെ സൗകര്യവും കണക്കിലെടുത്ത് ഇതിന് അനുയോജ്യമായ സംവിധാനം തെരഞ്ഞെടുക്കുന്നതിന് സംഘങ്ങൾക്കുള്ള സ്വാതന്ത്ര്യം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (സി) സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖലയും ഇടപാടുകാരുടെ സൗകര്യവും കണക്കിലെടുത്ത് അനുയോജ്യമായ സംവിധാനം തെരഞ്ഞെടുക്കേണ്ടത് അതാത് സംഘം ഭരണ സമിതിയാണ്. ടി സംവിധാനം നടപ്പിൽ വരുത്തുമ്പോൾ പൊതു ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാരുടെ അനുമതി ആവശ്യമാണ്. |
| (ഡി) ഇതിനായി സഹകരണ രജിസ്ട്രാരുടെ അനുമതി നിർബന്ധമാക്കുമോ? | (ഡി) കമ്പ്യൂട്ടർവൽക്കരണം, കോർബാങ്കിംഗ് എന്നിവ നടപ്പിൽ വരുത്തുന്നതിന് പ്രത്യേക അനുമതി ആവശ്യമില്ല. എന്നാൽ ടി സംവിധാനങ്ങൾ നടപ്പിൽ വരുത്തുമ്പോൾ പൊതു ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാരുടെ അനുമതി ആവശ്യമാണ്. |

**സെക്ഷൻ ഓഫീസർ**